പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5372 — 04.07.2013-ൽ മറുപടിക്ക്

## സ്ത്രീകളിലും കുട്ടികളിലും മദ്യപാനശീലം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ദാസൻ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്ത്രീകളിലും കുട്ടികളിലും മദ്യപാനശീലം വർദ്ധിച്ച് വരുന്നു എന്ന ചില മാധ്യമ പഠന റിപ്പോർട്ടുകൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ സ്ഥിതി വിശേഷത്തെ എങ്ങനെയാണ് വിലയിരുത്തുന്നത് ; വ്യക്തമാക്കാമോ ; | (ബി) മേൽപ്പറഞ്ഞ സ്ഥിതി വിശേഷത്തെക്കുറിച്ച് ശാസ്ത്രീയമായ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. കേരളാ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ നേതൃത്വത്തിൽ ഒരു മാനസികാരോഗ്യ സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നു. ഈ സർവ്വേയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ വിഷയത്തെ വിലയിരുത്തുന്നതാണ്. |
| (സി) സർക്കാരിന്റെ സാമൂഹ്യനീതി, സാമൂഹ്യ സുരക്ഷ പദ്ധതികളുടെ പരാജയമാണ് ഇത്തരം സ്ഥിതിയിലേക്ക് സംസ്ഥാനത്തെ കൊണ്ടെത്തിച്ചതെന്ന് കരുതുന്നുണ്ടോ ; | (സി) ഇല്ല. |
| (ഡി) കുട്ടികളിൽ ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്ന പ്രവണത വർദ്ധിക്കുന്നത് ഇല്ലായ്മ ചെയ്യുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ഡി) കുട്ടികളിൽ ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്ന പ്രവണത ഇല്ലായ്മ ചെയ്യുന്നതിന് സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ പുകയില ഉൽപന്നങ്ങൾ ഉപയോഗിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുവാനായി സ്കൂളിന്റെ 100 യാർഡ് ചുറ്റളവിൽ പുകയില ഉൽപന്നങ്ങൾ വിൽക്കുന്നത് നിരോധിച്ചിട്ടുണ്ട്. ഇത് കർശനമായി നടപ്പിലാക്കുന്നതിനായി സ്കൂൾ കമ്മിറ്റികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ